'ഭരണഭാഷ മാതൃഭാഷ'

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ :keralatribes@gmail.com**

നമ്പർ:STDD/644/2025-B1 തീയതി :04-06-2025

## പത്രക്കുറിപ്പ്

## പട്ടികവർഗ്ഗ വികസന വകുപ്പ്-സുവർണ ജൂബിലി ലോഗോ, ടാഗ്‌ലൈൻ എന്നിവ ക്ഷണിക്കുന്നു

പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകൃതമായിട്ട് 50 വർഷം പൂർത്തിയാക്കുന്ന അവസരത്തിൽ സുവർണ്ണജൂബിലി വർഷ ആഘോഷത്തിന്റെ ലോഗോ ,ടാഗ്‌ലൈൻ എന്നിവ തയ്യാറാക്കുന്നതിന് പൊതുജനങ്ങളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ലോഗോ,ടാഗ്‌ലൈൻ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

***ലോഗോ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.***

- **'പട്ടികവർഗ്ഗ വികസന വകുപ്പ് സുവർണ ജൂബിലി'** എന്ന പേര് ഉൾകൊള്ളിക്കണം.
- തദ്ദേശീയ ജനതയുടെ മഹത്തായ സംസ്കാര പാരമ്പര്യവും വികസനവും പ്രതിഫലിപ്പിക്കുന്ന തരത്തിൽ ആകണം ലോഗോയും ടാഗ്‌ലൈനും
- ലോഗോ,ടാഗ്‌ലൈൻ എന്നിവ എഡിറ്റ് ചെയ്യുവാൻ കഴിയുന്ന ഫോർമാറ്റിലെ സി.ഡി.യും ഒപ്പം A4 പേപ്പറിലെ കളർ പ്രിന്റും നൽകണം.

തയ്യാറാക്കുന്ന ലോഗോ , ടാഗ്‌ലൈൻ എന്നിവ 2025 ജൂൺ 16 -ാം തീയതി വൈകുന്നേരം 5 മണിക്കുള്ളിൽ അസിസ്റ്റന്റ് ഡയറക്ടർ പബ്ലിസിറ്റി, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033 എന്ന വിലാസത്തിലോ / stdd.pub@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ലഭിച്ചിരിക്കണം.

തെരഞ്ഞെടുക്കപ്പെടുന്ന ലോഗോയ്ക്ക് സുവർണ ജൂബിലിയുടെ ഉദ്ഘാടന ചടങ്ങിൽ വച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പാരിതോഷികം നൽകുന്നതാണ്.

DIRECTOR

Signed by
Sudheer S S
Date: 04-06-2025 12:08:47